പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3813

12.12.2018 ൽ മറുപടിക്ക്

## കെ.എ.എസ്സിന്റെ എല്ലാ സ്ട്രീമുകളിലും സംവരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് സർക്കാർ അംഗീകരിച്ച നിയമന വ്യവസ്ഥകൾ പ്രകാരം രണ്ട് മൂന്ന് വിഭാഗങ്ങളിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഇല്ല. കെ.എസ്. & എസ്.എസ്. ആർ. ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ Stream II, III വിഭാഗങ്ങളിൽ ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റം വഴിയുള്ള നിയമനമാണ് തീരുമാനിച്ചിരിക്കുന്നത്. തസ്തികമാറ്റ നിയമനത്തിന് സംവരണം ബാധകമല്ല. ഏതൊരു സർവ്വീസിലെയും ഏതൊരു കാറ്റഗറിയിലെയും നിശ്ചിത എണ്ണം തസ്തികകൾ റിസർവ്വ് ചെയ്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നേരിട്ട് നിയമനം നടത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 17 A-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഇല്ലെങ്കിൽ ഇതു മൂലം പൊതുവിഭാഗത്തിൽ 83.5 ശതമാനം പേർക്ക് നിയമനം ലഭിക്കുമ്പോൾ മറ്റു പിന്നാക്ക വിഭാഗങ്ങൾക്കെല്ലാം കൂടി 16.5 ശതമാനം നിയമനം മാത്രമേ ലഭിക്കുകയുള്ളൂവെന്ന സ്ഥിതി സംജാതമായേക്കാമെന്ന് കരുതുന്നുണ്ടോ; | | |
| സി) ഒരു പുതിയ തസ്തികയിലേക്കുള്ള നിയമനമെന്ന നിലയ്ക്ക് ഇതര സർക്കാർ നിയമനങ്ങളിലെന്നത് പോലെ കെ.എ.എസി.ന്റെ കാര്യത്തിലും എല്ലാ പിന്നാക്കസമുദായങ്ങൾക്കും ജാതി തിരിച്ചുള്ള സംവരണം ഉറപ്പ് വരുത്തേണ്ടത് ഭരണഘടനാപരമായി സർക്കാരിന്റെ ഉത്തരവാദിത്തവും ബാധ്യതയുമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ